മാധ്യമം

30 May 2018

# കടൽപായൽ കൃഷി വ്യാപിപ്പിക്കാൻ ശ്രമം വേണം –കേന്ദ്ര സഹമന്ത്രി



കേന്ദ്ര കാർഷിക സഹമന്ത്രി കൃഷ്ണരാജ് സി.എം.എഫ്.ആർ.ഐയിൽ ശാസ്ത്രജ്ഞരുമായി ചർച്ച നടത്തുന്നു

**കൊച്ചി:** വ്യവസായിക ഉൽപാദന രംഗത്ത് ഏറെ സാധ്യതകളുള്ള കടൽപായൽ കൃഷി വ്യാപിപ്പിക്കാൻ ശ്രമങ്ങളുണ്ടാകണമെന്ന് കേന്ദ്ര കാർഷിക സഹമന്ത്രി കൃഷ്ണ രാജ് അഭിപ്രായപ്പെട്ടു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം സന്ദർശിച്ചശേഷം ശാസ്ത്രജ്ഞരുമായി ചർച്ച നടത്തുകയായിരുന്നു അവർ.

ഭക്ഷ്യോൽപാദനം, മരുന്ന് നിർമാണം, സൗന്ദര്യവർധക ഉൽപന്ന വ്യവസായം തുടങ്ങി വിവിധ മേഖലകളിൽ ഉപയോഗിച്ചുവരുന്ന കടൽപായൽ കൃഷിക്ക് ശാസ്ത്രസമൂഹം ഊന്നൽ നൽകണം. ഇതിന് ഗവേഷണങ്ങൾ ശക്തിപ്പെടുത്തണം. പ്രമേഹം, സന്ധിവേദന, കൊളസ്ട്രോൾ, തൈറോയ്ഡ് തുടങ്ങിയവയുടെ ചികിത്സക്ക് കടൽപായലിൽനിന്ന് ഭക്ഷ്യപൂരകങ്ങളായ ഉൽപന്നങ്ങൾ വികസിപ്പിച്ച സി.എം.എഫ്.ആർ.ഐയുടെ ശ്രമങ്ങളെ മന്ത്രി അഭിനന്ദിച്ചു.

മത്സ്യമേഖലയിൽ ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണം. മത്സ്യകൃഷിയിലേക്ക് കൂടുതൽപേരെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ വികസിപ്പിക്കണം. ഭക്ഷ്യോൽപാദനരംഗത്ത് മികച്ച സംഭാവന നൽകുന്ന കർഷകരുടെ ജീവിതനിലവാരം വ്യവസായികളുടേതിന് സമാനമായി ഉയർത്തേണ്ടതുണ്ടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

സി.എം.എഫ്.ആർ.ഐയിലെ നാഷനൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം, ലബോറട്ടറികൾ എന്നിവ മന്ത്രി സന്ദർശിച്ചു. വകുപ്പുമേധാവികളായ ഡോ. കെ.കെ. ജോഷി, ഡോ. ടി.വി. സത്യാനന്ദൻ, പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. ശ്യാം എസ്. സലീം എന്നിവർ സംസാരിച്ചു.